പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1175 14.06.2012 ൽ മറുപടിക്ക്

വയനാട് ചുരം റോഡിന് സമാന്തര ബൈപ്പാസ്

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) വയനാട് ചുരം റോഡിന് സമാന്തരമായി ബൈപ്പാസ് നിർമ്മിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ; വിശദമാക്കുമോ ;<br><br>(ബി) പ്രസ്തുത ബൈപ്പാസിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ;<br><br>(സി) പ്രസ്തുത റോഡ് നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (എ) യും (ബി) യും (സി) യും | വയനാട് ചുരം റോഡിന് ബദൽ റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04/06/2012 ന് തിരുവനന്തപുരത്ത് ചീഫ് മിനിസ്റ്ററുടെ കോൺഫറൻസ് ഹാളിൽ ബന്ധപ്പെട്ട മന്ത്രിമാരും ജനപ്രതിനിധികളും ജില്ലാ കളക്ടർമാരും മറ്റ് ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്ത ഉന്നതതല യോഗം ചേരുകയും, ചിപ്പിലിത്തോട്- മരുതിലാവ്- തളിപ്പുഴ റോഡ് വയനാട് ചുരംബദൽ റോഡായി തെരെഞ്ഞെടുത്ത് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും, വനപ്രദേശത്തുകൂടിയുള്ള റോഡ് നിർമ്മാണത്തിനായി നിലവിലുള്ള വനപ്രദേശത്തെ റോഡ് നവീകരിക്കുന്നതിനാവശ്യമായി വരുന്ന തുക വനംവകുപ്പിന് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

.....2

ചിപ്പിലിത്തോട് - മരുതിലാവ് - തളിപ്പുഴ റോഡിന്റെ പ്രാരംഭ പ്രവർത്തനത്തിന് 2012-13 - ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ 8.73 കി.മി കോഴിക്കോട് ജില്ലയിലും, 5.71 കി.മീറ്റർ വയനാട് ജില്ലയിലുമായി ആകെ 14.44 കി.മീറ്റർ ദൂരം എൽ.ബി.എസ് സർവെ ചെയ്ത് അലൈൻമെന്റ് തയ്യാറാക്കി യിട്ടുണ്ട്. ഇത് സംബന്ധിച്ച് സാധ്യതാപഠനം നടത്തി, വിശദമായി എസ്റ്റിമേറ്റ് തയ്യാറാക്കി, ആയവയ്ക്ക് മന്ത്രിസഭയുടെ അംഗീകാരം തേടേണ്ട തുണ്ട്. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാ വുന്നതാണ്.

സെക്ഷൻ ഓഫീസർ